**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3150** **11-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 66-ന്റെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയപാത 66-ന്റെ പൂർത്തീകരണത്തിനായി നിർമ്മിക്കേണ്ട എലിവേറ്റഡ് ഹൈവേകളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ദേശീയപാത 66 ന്റെ നിർമ്മാണത്തിന് 3 എലിവേറ്റഡ് ഹൈവേകളാണ് നിർമ്മിക്കേണ്ടത്. അവയുടെ നിർമ്മാണ പുരോഗതി അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ ഹൈവേകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്; എലിവേറ്റഡ് ഹൈവേകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | എ പിരിവിന്റെ അതേ ഉത്തരം |
| (സി) | സംസ്ഥാനത്ത് പൂർത്തിയാക്കിയതും നിർമ്മാണത്തിലിരിക്കുന്നതുമായ തുരങ്കപാതകളുടെ വിശദാംശം അറിയിക്കാമോ; | (സി) | സംസ്ഥാനത്ത് പൂർത്തിയാക്കിയതും നിർമ്മാണത്തിലിരിക്കുന്നതുമായ തുരങ്ക പാതകളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (ഡി) | വയനാട് തുരങ്കപാതയുടെ പുരോഗതി വിശദമാക്കാമോ? | (ഡി) | ആനക്കാംപൊയിൽ – കള്ളാടി - മേപ്പാടി (വയനാട് തുരങ്കപാത)-ടണൽ പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ട്<br><br>പ്രവൃത്തിയുടെ അലൈൻമെന്റിന് 06/05/2021 തീയതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 25/02/2022 തീയതിയിൽ GO(MS) No. 10/2022/PWD പ്രകാരം 2043.74 കോടി രൂപയ്ക്ക് ഭരണാനുമതിയും 20/03/2022 തിയതിയിൽ 2134.50 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. മേപ്പാടി സ്വകാര്യ ഭൂമി (8.1225 ഹെക്ടർ), മാരിപ്പുഴ ഭൂമി (8.0525 ഹെക്ടർ) എന്നിവ 10/09/2024 തീയതിയിൽ ഏറ്റെടുത്തിട്ടുണ്ട്. മാരിപ്പുഴയിൽ 1.8545 ഹെക്ടർ അധിക ഭൂമി കൂടി ഏറ്റെടുക്കേണ്ടതുണ്ട്.<br><br>5 വർഷത്തേക്ക് ഉള്ള ഫോറസ്റ്റ് സ്റ്റേജ് I അനുമതി, MOEFCC യിൽ നിന്ന് മാർച്ച് 2023 ന് ലഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേജ് II - ക്ലിയറൻസ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് പാരിസ്ഥിതിക അനുമതി |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| സ്ട്രെച്ച് | നീളം | നിലവിലെ സ്ഥിതി |
|---|---|---|
| കഴക്കൂട്ടം - ടെക്നോപാർക്ക് | 2.721 കി മീ | നിർമ്മാണം പൂർത്തീകരിച്ചു. |
| അരൂർ - തുറവൂർ | 12.752 കി മീ | നിർമ്മാണം 51.045% പൂർത്തീകരിച്ചു |
| ഇടപ്പള്ളി - അരൂർ | വിശദമായ പദ്ധതി രേഖ (ഡി പി ആർ) തയ്യാറാക്കൽ പുരോഗമിക്കുന്നു. | |

അനുബന്ധം II

| പദ്ധതി | നിർമ്മാണ ചെലവ് | നീളം | പൂർത്തിയായ തീയതി |
|---|---|---|---|
| ദേശീയപാത 544 ലെ കുതിരാൻ ഇരട്ട തുരങ്കപാത | 191.5 കോടി രൂപ | LHS- 993 മീ<br>RHS-978 മീ | 14.06.2024 |
| ആനക്കാംപൊയിൽ – കള്ളാടി - മേപ്പാടി (വയനാട് തുരങ്കപാത) | ബജറ്റ് മൂല്യം 2143 കോടി രൂപ | 8.11 കിമീ | ടെണ്ടർ നടപടി പൂർത്തിയായി വരുന്നു |